## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 43 — 28.10.2019-ൽ മറുപടിക്ക്

## പി.എസ്.സി. പരീക്ഷ ക്രമക്കേട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഒ. രാജഗോപാൽ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് കേന്ദ്രീകരിച്ച് നടന്ന പി.എസ്.സി. പരീക്ഷ ക്രമക്കേട് സംബന്ധിച്ച അന്വേഷണം ഏതുവരെയായെന്ന് വ്യക്തമാക്കാമോ; | (എ) ക്രൈം നം.429/CB/TVM/D/2019 u/s 406, 420, 120(B), 201, 34 IPC & 43 (a&b) 66 of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) ഏതെല്ലാം റാങ്ക് ലിസ്റ്റുകളിൽ ക്രമക്കേട് നടന്നിട്ടുള്ളതായിട്ടാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്; അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർ ആരൊക്കെ; വിശദമാക്കാമോ;<br><br>(സി) യൂണിവേഴ്സിറ്റി കോളേജിലെ അധ്യാപകരും അനധ്യാപകരും തട്ടിപ്പിന് സഹായം ചെയ്തുവെന്ന ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; തട്ടിപ്പിന് ഉത്തര വാദികളായവരുടെ പേരിൽ എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) യും (സി) യും കാറ്റഗറി നം.657/2017 ആയുള്ള സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് 22/7/2018-ാം തീയതി നടന്ന പി.എസ്.സി പരീക്ഷയിലാണ് ക്രമക്കേട് നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്. ഈ കേസിലെ എല്ലാ ആരോപണങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു. |
| (ഡി) തട്ടിപ്പിലൂടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ കടന്നുകൂടിയ എല്ലാവരേയും ലിസ്റ്റിൽ നിന്ന് ഒഴിവാക്കുവാൻ പി.എസ്.സി.യോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;<br><br>(ഇ) അടുത്തകാലത്തായി പി.എസ്.സി. നടത്തിയ മത്സരപ്പരീക്ഷകളുടെ നടത്തിപ്പ് സംബന്ധിച്ച് ഹൈക്കോടതി ഉന്നയിച്ച സംശയത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പി.എസ്.സി. പരീക്ഷകളുടെയും നടത്തിപ്പ് സംബന്ധിച്ച് ഒരു സമഗ്ര അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ? | (ഡി) യും (ഇ) യും പ്രസ്തുത ഉദ്യോഗാർത്ഥികളുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനും, പ്രൊഫൈൽ നിർജ്ജീവമാക്കുന്നതിനും, ഡീബാർമെന്റ് ഉൾപ്പെടെയുള്ള അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ